"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (എഫ്)വകുപ്പ്

നമ്പർLBRD-F3/22/2020-LBRD

11/02/2020,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ,
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്,
തിരുവനന്തപുരം.

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - ഇ.എസ്.ഐ ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച് 30.12.2019 ൽ ഡയറക്ടറേറ്റിൽ ചേർന്ന യോഗം - മിനിട് സ് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 16.01.2020 ലെ ബി2-20543/2017/ഡി.ഐ.എം.എസ് നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇ.എസ്.ഐ ആശുപത്രികളുടെ പ്രവർത്തനം സംബന്ധിച്ച് 30.12.2019 ൽ ചേർന്ന യോഗത്തിന്റെ അംഗീകരിച്ച മിനിട് സിന്റെ പകർപ്പ് തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
**ആർ എസ് രുസി**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനായി 30.12.2019ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനുള്ള യോഗം 30.12.2019 രാവിലെ 11 മണിയ്ക്ക് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറേറ്റിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു

കേരളത്തിലെ ഇ.എസ്.ഐ സ്ഥാപനങ്ങൾ മറ്റ് സ്ഥാപനങ്ങളേക്കാൾ മികച്ച സേവനമാണ് കാഴ്ചവെയ്ക്കുന്നതെന്നും അത് അഭിനന്ദനാർഹമാണെന്നും ആമുഖമായി അഡീഷണൽ ചീഫ് സെക്രട്ടറി പറയുകയുണ്ടായി. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം 9 ഇ.എസ്.ഐ ആശുപത്രികളുടെ 2015-18 കാലയളവിലെ ശരാശരി ബെഡ് ഒക്യുപൻസി, ആശുപത്രി വികസന സമിതി ഫണ്ട് വിനിയോഗം (2018-19), 2018-19 കാലയളവിൽ എംപാനൽമെന്റ് ചെയ്തിട്ടുള്ള പ്രൈവറ്റ് ആശുപത്രികൾക്ക് നൽകിയ തുകയുടെ കണക്ക് എന്നിവയുടെ വിവരങ്ങൾ അടങ്ങിയ പവർ പോയിന്റ് പ്രസന്റേഷൻ വകുപ്പ് ഡയറക്ടർ അവതരിപ്പിക്കുകയുണ്ടായി.

പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയുടെ ആവറേജ് ബെഡ് ഒക്യുപൻസി ഉയർന്നിട്ടുണ്ടെന്നും ആയതിൽ ആശുപത്രി സൂപ്രണ്ടിനെ യോഗത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി അഭിനന്ദിക്കുകയുണ്ടായി. ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയുടെ ആവറേജ് ബെഡ് ഒക്യുപൻസി 2017-ന് ശേഷം കുറഞ്ഞിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. ആശുപത്രി കെട്ടിടത്തിന്റെ ശോചനീയ അവസ്ഥയാണ് ഇതിന് കാരണമെന്ന് ഡയറക്ടർ യോഗത്തെ അറിയിക്കുകയുണ്ടായി. നിലവിൽ ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയുടെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും Structural Audit നടത്തുകയും ആയതിൽ റിപ്പയർ വർക്കുകൾ മാത്രം മതിയെന്നുമാണ് എക്സിക്യൂട്ടീവ്എഞ്ചിനീയർ (ഇ.എസ്.ഐ കോർപ്പറേഷൻ) റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന്ഡയറക്ടർ യോഗത്തെ അറിയിച്ചു. ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി, പൊതുമരാമത്ത് വകുപ്പ്മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി എന്നിവരുടെ യോഗത്തിൽ സർക്കാർ തന്നെ ഒരു കെട്ടിടം നിർമ്മിച്ച് നൽകാമെന്ന് തീരുമാനിക്കുകയുണ്ടായെന്നും എന്നാൽ ഇതിന് ഇ.എസ്.ഐ കോർപ്പറേഷൻ അനുമതി ഇതുവരെ നൽകിയിട്ടില്ലായെന്നും ഡയറക്ടർ യോഗത്തെ അറിയിച്ചു.

വടവാതൂർ ഇ.എസ്.ഐ ആശുപത്രിയുടെ ബെഡ് ഒക്യുപൻസി കാര്യമായി

ഉയർന്നിട്ടില്ലായെന്നും, എറണാകുളം ഇ.എസ്.ഐ ആശുപത്രിയുടെ ബെഡ് ഒക്യുപൻസി കഴിഞ്ഞ 4-5 മാസങ്ങളായി താഴ്ന്നിട്ടുണ്ടെന്നും ഒളരിക്കര, മുളങ്കുന്നത്തുകാവ്, പാലക്കാട്, ഫറോക്ക്, തോട്ടട എന്നീ ഇ.എസ്.ഐ ആശുപത്രികളുടെ ബെഡ് ഒക്യുപൻസിയിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ലായെന്നും അഡീഷണൽ ചീഫ് സെക്രട്ടറി വിലയിരുത്തി.

ആശുപത്രി വികസന സമിതി ഫണ്ട് വിനിയോഗത്തിൽ പേരൂർക്കട, എറണാകുളം ഇ.എസ്.ഐ ആശുപത്രികൾ മാത്രമാണ് മറ്റ് ആശുപത്രികളെ അപേക്ഷിച്ച് ആശുപത്രി വികസന സമിതി ഫണ്ട് തൃപ്തികരമായി വിനിയോഗിച്ചിട്ടുള്ളതെന്ന് ഡയറക്ടർ യോഗത്തിൽ പറയുകയുണ്ടായി. 100 കിടക്കകൾക്ക് മേലുള്ള ആശുപത്രികൾക്ക് 40 ലക്ഷം രൂപ വരെയും, 100 കിടക്കകൾക്ക് താഴെയുള്ള ആശുപത്രികൾക്ക് 25 ലക്ഷം രൂപ വരെയും ആശുപത്രി വികസന സമിതി ഫണ്ട് വിനിയോഗിക്കാമെന്നിരിക്കെ, 9 ഇ.എസ്.ഐ ആശുപത്രികളും ടി തുക കൃത്യമായി ഉപയോഗിക്കുന്നില്ലായെന്നും ആശുപത്രി വികസന സമിതി ഫണ്ട് വിനിയോഗം സംബന്ധിച്ച് വിശദമായ ചർച്ച വേണമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ നിർദ്ദേശിച്ചു.

ആശുപത്രി വികസന സമിതി ഫണ്ട് ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും അനുവദിച്ച് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ആശുപത്രി സൂപ്രണ്ടുമാർ യോഗത്തിൽ പറയുകയുണ്ടായി. ഇ.എസ്.ഐ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ആശുപത്രികൾക്കും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 ഇ.എസ്.ഐ ആശുപത്രികൾക്കും, 145 ഡിസ്പെൻസറികൾക്കും തുക അനുവദിക്കുന്നതിൽ ഇ.എസ്.ഐ കോർപ്പറേഷൻ വേർതിരിവ് കാണിക്കുന്നുവെന്ന് ദക്ഷിണമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ യോഗത്തിൽ പറയുകയുണ്ടായി. ഈ വിഷയം 07.01.2020 ന് ഡൽഹിയിൽ വച്ച് നടക്കുന്ന യോഗത്തിൽ ചർച്ച ചെയ്യണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു. ഇതോടൊപ്പം ഇ.എസ്.ഐ കോർപ്പറേഷന്റെ കീഴിൽ വരുന്ന ആശുപത്രികളുടെയും, സംസ്ഥാനത്തിന്റെ കീഴിൽ വരുന്ന ആശുപത്രികൾക്കും ഇ.എസ്.ഐ കോർപ്പറേഷൻ നൽകുന്ന തുകയുടെയും കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ചീഫ് സെക്രട്ടറിയ്ക്ക് നൽകണമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തെ അറിയിച്ചു.

ആശുപത്രി വികസന സമിതി മുഖേന ആവശ്യപ്പെടുന്ന തുക അനുവദിച്ച് ലഭിക്കുമ്പോൾ ജി.എസ്.റ്റിയിൽ ഉണ്ടാകുന്ന വ്യതിയാനം കൊണ്ടും മറ്റ് കാരണങ്ങൾ കൊണ്ടും വാങ്ങേണ്ട ഉപകരണത്തിന്റെ വിലയിൽ വ്യത്യാസം വരുന്നതിനാൽ അനുവദിച്ച് ലഭിക്കുന്ന തുകയിൽ നിന്ന് പ്രസ്തുത ഉപകരണം വാങ്ങുവാൻ സാധിക്കില്ലായെന്ന് ആശുപത്രി സൂപ്രണ്ടുമാർ യോഗത്തിൽ പറയുകയുണ്ടായി. മേൽ സാഹചര്യത്തിൽ ആശുപത്രി വികസന സമിതി യോഗത്തിൽ തുക ആവശ്യപ്പെടുമ്പോൾ നിലവിലെ തുക ഉയർത്തി ആവശ്യപ്പെടണമെന്നും ഓരോ ആശുപത്രികൾക്കും പരമാവധി അനുവദിച്ചിട്ടുള്ള ആശുപത്രി വികസന സമിതി ഫണ്ട് യുക്തിപരമായി വിനിയോഗിക്കണമെന്നും യാതൊരു ,കാരണവശാലും ആശുപത്രി വികസന സമിതി

ചെയ്യിട്ടില്ലായെന്നും ആശുപത്രി സൂപ്രണ്ട് പറയുകയുണ്ടായി. എന്നാൽ അടിയന്തിര ഘട്ടങ്ങളിൽ സ്വകാര്യ ആശുപത്രിയുടെ സേവനം സ്വീകരിക്കാവുന്നതാണെന്നും, ആയത് സർക്കാരിൽ നിന്ന് സാധുകരണം വാങ്ങി നൽകുന്നതാണെന്നും ഡയറക്ടർ യോഗത്തെ അറിയിച്ചു.

**<u>യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ</u>**

1. എച്ച്.ഡി.സി ഫണ്ട് പരമാവധി വിനിയോഗിക്കുന്നതിനുള്ള നടപടി എല്ലാ ആശുപത്രി സൂപ്രണ്ടുമാരും കൃത്യമായി സ്വീകരിക്കേണ്ടതാണ്, (നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)
2. ഇ.എസ്.ഐ ആശുപത്രികളിലെ ഒ.പി മുറികളിൽ എയർ കണ്ടീഷണർ സ്ഥാപിക്കുന്നതിനുള്ള നടപടി എച്ച്.ഡി.സി ഫണ്ട് മുഖേന അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് (നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)
3. <u>വീഡിയോ കോൺഫറൻസ്</u> - എല്ലാ മാസവും ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറലുമായി വീഡിയോ കോൺഫറൻസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (നടപടി:- ഡയറക്ടർ, ഐ.എം.എസ്)
4. എച്ച്.ഡി.സി മുഖേന വാങ്ങുന്ന പർച്ചേസുകൾക്ക് തുക ആവശ്യപ്പെടുമ്പോൾ ഏകദേശ കണക്കിൽ നിന്നും കൂടുതലായി ആവശ്യപ്പെടേണ്ടതാണ്. (നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)
5. 2021 വർഷത്തേയ്ക്കുള്ള ആകെ ചിലവാക്കേണ്ട തുകയുടെ ഏകദേശ കണക്ക് അടുത്ത അവലോകന യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ് (നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)
6. <u>തോട്ടട, ഇ.എസ്.ഐ ആശുപത്രി</u> - തോട്ടട ഇ.എസ്.ഐ ആശുപത്രി നിലവിൽ സ്ഥിതി ചെയ്യുന്ന സ്ഥലം ഐ.പികൾക്ക് ഗുണകരമല്ലാത്ത സാഹചര്യത്തിൽ കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഐ.പികൾക്ക് കൂടി ഗുണകരമായിട്ടുള്ള പ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (നടപടി:- ഡയറക്ടർ, ഐ.എം.എസ്)
7. <u>അടുത്ത യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്</u>
   1. എച്ച്.ഡി.സി ഇംപ്രൂവ്മെന്റ് ഫണ്ടിൽ നിന്നും എത്ര തുക വീതം വിനിയോഗിച്ചു.
   2. ഓരോ വർഷവും ആശുപത്രികളിലെ സൗകര്യങ്ങൾ - സേവനങ്ങൾ ഉയർത്തുന്നതിനായുള്ള നടപടി ദീർഘവീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ

ഫണ്ട് വിനിയോഗിക്കാത്ത സാഹചര്യം ഉണ്ടാകാൻ പാടുള്ളതല്ലായെന്നും അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ വിശദീകരിച്ചു. ആശുപത്രി വികസന സമിതി വഴി ആവശ്യപ്പെടുന്ന വിവിധ ഉപകരണങ്ങളുടെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് തുക സമയബന്ധിതമായി അനുവദിച്ച് ലഭിക്കുന്നില്ലായെന്ന് യോഗത്തിൽ സൂപ്രണ്ടുമാർ അഭിപ്രായപ്പെടുകയുണ്ടായി. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് എടുക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഡയറക്ടർ യോഗത്തിൽ അറിയിച്ചു.

ഇ.എസ്.ഐ ആശുപത്രികളിലെ ഒ.പി വിഭാഗത്തിൽ എ.സി സ്ഥാപിക്കുന്നത് ഇ.എസ്.ഐ കോർപ്പറേഷൻ അംഗീകരിക്കുന്നില്ലായെന്നും ടി വിഷയം 07.01.2020-ൽ നടക്കുന്ന യോഗത്തിൽ ചർച്ച ചെയ്യുന്നതാണെന്നും, എല്ലാ ഒ.പി വിഭാഗങ്ങളിലും എ.സി സ്ഥാപിക്കേണ്ടത് ആവശ്യമാണെന്നും, ആശുപത്രിയിലെ അടുത്ത ആശുപത്രി വികസന സമിതി യോഗത്തിൽ പ്രസ്തുത വിഷയം അവതരിപ്പിച്ച് എ.സി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

എല്ലാ മാസവും 1/2 മണിക്കൂർ ദൈർഘ്യത്തിൽ ഡയറക്ടർ ജനറലുമായി വീഡിയോ കോൺഫറൻസ് ഡയറക്ടർ നടത്തണമെന്നും ആയതിൽ അഡീഷണൽ ചീഫ് സെക്രട്ടറി പങ്കെടുക്കുമെന്നും യോഗത്തിൽ അറിയിച്ചു.

തോട്ടട ഇ.എസ്.ഐ ആശുപത്രി നിലവിൽ സ്ഥിതി ചെയ്യുന്ന സ്ഥലം ജില്ലയിലെ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ഗുണകരമല്ലായെന്ന് യോഗത്തിൽ അഭിപ്രായമുണ്ടായി. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഐ.പികൾക്ക് ഗുണകരമായിട്ടുള്ള പ്രദേശത്തിലേക്ക് തൊഴിലാളികളുടെ സൗകര്യാർത്ഥം ആശുപത്രി മാറ്റുന്ന തീരുമാനം സ്വീകരിക്കേണ്ടതാണെന്ന് യോഗം വിലയിരുത്തി.

മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രി സർക്കാർ മെഡിക്കൽ കോളേജിന്റെ സമീപത്താണ് സ്ഥിതി ചെയ്യുന്നത്. രണ്ട് സ്പെഷ്യാലിറ്റി വിഭാഗം ആണ് ഇവിടെ പ്രവർത്തിക്കുന്നത്. ആയുർവ്വേദ വിഭാഗം വളരെയധികം മെച്ചപ്പെട്ട രീതിയിൽ ആണ് പ്രവർത്തിച്ച് വരുന്നത്. 20 കിടക്കകളിൽ നിന്നും 40 കിടക്കകളായി ആയുർവ്വേദ വിഭാഗത്തെ ഉയർത്തുന്നതിന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണെന്ന് ഡയറക്ടർ അറിയിച്ചു. 110 ബെഡ് strength ഉള്ള ഈ ആശുപത്രിയിൽ ഉടനെ തന്നെ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതാണെന്നും ഡയറക്ടർ അറിയിച്ചു.

23 ഏകർ ഭൂമി ഉള്ള മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിലെ 2.5 ഏകർ ഭൂമിയിൽ 'Miya Waki Forest' സൃഷ്ടിക്കുന്നത് ആലോചിക്കാവുന്നതാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റ് ഉണ്ടെങ്കിലും നാളിതുവരെ delivery cases എടുക്കുന്നില്ലായെന്ന് ഡയറക്ടർ യോഗത്തെ അറിയിച്ചു. അടിയന്തിര ഘട്ടങ്ങളിൽ രോഗിയെ കൊണ്ടു പോകുന്നതിന് സമീപത്ത് സർക്കാർ ആശുപത്രി ഇല്ലായെന്നും, അടുത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രി എംപാനൽ

ആശുപത്രി സൂപ്രണ്ടുമാർ തയ്യാറാക്കേണ്ടതാണ് (പവർ പോയിന്റ് പ്രസന്റേഷൻ).

3. ആശുപത്രികളിലെ ബെഡ് ഒക്യുപൻസി ഉയർത്തുന്നതായി ദീർഘവീക്ഷണത്തോടെ മൂന്ന് മാസത്തിലേയ്ക്കുള്ള മാസ കണക്ക തയ്യാറാക്കി ആശുപത്രി സൂപ്രണ്ടുമാർ നൽകേണ്ടതാണ്.

4. ആശുപത്രികളിൽ നിന്ന് നൽകുന്ന സ്പെഷ്യാലിറ്റി റഫറൻസുകളുടെ കണക്കും, റഫറൻസ് കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളുടെയും വിശദമായ റിപ്പോർട്ട്. (നടപടി – ആശുപത്രി സൂപ്രണ്ടുമാർ)

<u>30.12.2019ൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറേറ്റിൽ ബഹു. അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| Sl. No. | Name & Designation | Name of Institution |
|---|---|---|
| 1. | Dr.Ajita Nair.R | Director of Insurance Medical Services |
| 2. | Dr.M.S.Geetha Devi | Joint Director of Insurance Medical Services |
| 3. | Dr.R.E.Glastin | Regional Deputy Director, South Zone, Kollam |
| 4. | Dr.Chandramathy Karunakaran.A | Superintendent & Regional Deputy Director (in-charge), Central Zone, Ernakulam |
| 5. | Dr.Lekha.S | Regional Deputy Director, North Zone, Kozhikode |
| 6. | Dr.Ance Joseph | Superintendent in-charge, ESI Hospital, Vadavathoor |
| 7. | Dr.Padmaja.M | Superintendent, ESI Hospital, Peroorkada |
| 8. | Dr.Cini Priyadarsini | Superintendent, ESI Hospital, Alappuzha |
| 9. | Dr.Sasi.L | Superintendent, ESI Hospital, Mulamkunnathukavu |
| 10. | Dr.Chandrakumari.P.V | Superintendent, ESI Hospital, Olarikkara |
| 11. | Dr.S.K.Subramanian | Superintendent, ESI Hospital, Palakkad |
| 12. | Dr.Bindu Sreenivasan | Superintendent, ESI Hospital, Thottada |

| | | |
|---|---|---|
| 13. | Dr.Anilkumar.V.K | Superintendent(i/c), ESI Hospital, Feroke |
| 14. | Sri.Jose.K.Biju | Senior Superintendent, O/o the Regional Deputy Director, Insurance Medical Services, Central Zone, Ernakulam |

**മേലെഴുത്ത് കത്ത് നം. ബി2-20543/2017/ഡിഐഎംഎസ് തീയതി 25.02.2020**

മിനിട്ട്സിന്റെ പകർപ്പ് അറിവിലേയ്ക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു. യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടി സമയബന്ധിതമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ദക്ഷിണമേഖല, കൊല്ലം/ മദ്ധ്യമേഖല, എറണാകുളം, ഉത്തരമേഖല, കോഴിക്കോട്.
2. ആശുപത്രി സൂപ്രണ്ടുമാർ.
3. വെബ്സൈറ്റ്.

ജിഎസ്/-